# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഒക്ടോബർ 18 ബുധൻ 2023

Volume: 03, Issue: 13

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

# നെഞ്ചിടിപ്പോടെ ഇസ്രയേൽ മലയാളികൾ

പ്രിൻസ് ജോസഫ്

*'ഇസ്രയേൽ പലസ്തീൻ സംഘർഷത്തിൽ ഭയപ്പെട്ടാണ് മലയാളികൾ. ഒൻപതാം തീയതി ശനിയാഴ്ച രാവിലെ മിസൈൽ ആക്രമണം ആരംഭിച്ചതുമുതൽ ഇസ്രായേലുകാരോടൊപ്പം മലയാളികളും വീടുകളിൽ ഉണ്ടാക്കിയിരിക്കുന്ന ബങ്കർ എറിയപ്പെടുന്ന സെയിഫ് റൂമുകളിലാണ് അഭയം തേടുന്നത്'...*

ഇന്ത്യയിൽ നിന്ന് പ്രത്യേകിച്ച് കേരളത്തിൽ നിന്നും നിരവധിപേരാണ് തൊഴിലിനും വിദ്യാഭ്യാസത്തിനുമായി ഇസ്രയേലിനെ ആശ്രയിക്കുന്നത്. അയ്യൻകുന്ന് ഉൾപ്പെടെ കണ്ണൂരിലെ മലമ്പ്രദേശങ്ങളിൽ നിന്നും ഒട്ടനവധി പേരാണ് കെയർ ഹോം സർവീസിൽ തൊഴിൽ ചെയ്യുന്നത്. ഇസ്രയേൽ - ഗാസ അതിർത്തിയിൽ യുദ്ധം പുകയുമ്പോൾ ഇന്നാട്ടിലെ ജനമനസുകളിലും പ്രിയപ്പെട്ടവരെ ഓർത്ത് ആധി ഉയരുന്നു. വാർത്തയിൽ അറിഞ്ഞതിനപ്പുറം യാഥാർത്ഥ്യത്തെ തുറന്ന് കാണിച്ചുതരികയാണ് ആറുവർഷമായി ഇസ്രയേലിൽ ജോലിചെയ്യുന്ന അയ്യൻകുന്ന് സ്വദേശി എമിലി മാത്യു അങ്ങാടിപത്രത്തിലൂടെ...

## മലയാളികൾ സുരക്ഷിതരാണ്...

ആക്രമണങ്ങൾ ഇസ്രയേലിന്റെ പല അതിർത്തി പ്രദേശങ്ങളിലും നടക്കുമ്പോഴും നിലവിൽ ഭക്ഷണത്തിനും മറ്റ് കാര്യങ്ങൾക്കും യാതൊരു ബുദ്ധിമുട്ടും നേരിട്ടില്ല. ഇസ്രയേലിന്റെ വിവിധ ഭാഗങ്ങളിൽ ബാരിക്കേഡുകൾ വച്ച് അടച്ചിരിക്കുകയാണ്, ശക്തമായ പരിശോധനക്ക് ശേഷം മാത്രമേ വീടുകളിൽ നിന്ന് പുറത്തിറങ്ങാനുള്ള അനുമതി ലഭിക്കുകയുള്ളു. തുടർച്ചയായ മിസൈൽ ആക്രമണങ്ങളുടെ ശബ്ദമാണ് ചുറ്റും, അതിൽ കെട്ടിടങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിക്കുന്നു. ഇസ്രയേലിലെ മിക്ക ഭവനങ്ങളിലും സുരക്ഷാ ബങ്കറുകൾ സാധാരണമായതിനാൽ വയോധികർ ഉൾപ്പെടെ ഉള്ളവരോട് സൈറൺ മുഴങ്ങിയാൽ മുറികളിൽ നിന്ന് ബങ്കറുകളിലേക്ക് മാറാനും, അവശ്യ മുറികളിൽ മാത്രമേ വൈദ്യുതി ഉപയോഗിക്കാവൂ എന്നാണ് നിർദ്ദേശമെങ്കിലും ഞങ്ങൾ സുരക്ഷിതരാണ്. ഇസ്രായേൽ ഗവമെന്റിന്റെയും പട്ടാളത്തിന്റെയും വലിയ സംരക്ഷണവും ലഭിക്കുന്നു.

**"നിങ്ങൾ ഞങ്ങളുടെ അതിഥികളാണ്. നിങ്ങളുടെ സുരക്ഷ കഴിഞ്ഞേ ഉള്ളു ഞങ്ങൾക്ക് ജീവിതം."**



ആഷ്കലോണിൽ നിന്ന് മലയാളി പകർത്തിയ ചിത്രം

## യുദ്ധത്തിന്റെ ആദ്യ ദിനങ്ങൾ...

ശനിയാഴ്ച രാവിലെ ആറരയോടെയാണ് ആദ്യ സൈറൺ മുഴങ്ങിയത്. സൈറൺ കേട്ടയുടൻ എല്ലാവരും ബങ്കറുകളിൽ കയറി സുരക്ഷ ഉറപ്പുവരുത്തി. 15 മിനിറ്റുകൾക്ക് ശേഷമാണ് പുറത്തിറങ്ങാനുള്ള അനുമതി കിട്ടിയത്. മൊബൈലും ഇന്റർനെറ്റ് സംവിധാനങ്ങളും യുദ്ധം നടക്കുന്ന മേഖലകളിൽ പ്രവർത്തനരഹിതമായതാനാൽ യുദ്ധത്തിന്റെആദ്യദിനങ്ങളിൽവീട്ടുകാരുമായി ആശയവിനിമയം തടസപ്പെട്ടു. പ്രധാന നഗരങ്ങളായ ടെൽ അവീവിലും, ജെറുസലേമിലും ആശയ വിനിമയ സംവിധാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.

## നിലവിലെ സാഹചര്യം...

ഇസ്രായേലിന്റെ അതിർത്തി പ്രദേശങ്ങളാണ് കൂടുതൽ സംഘർഷ ബാധിത മേഖല. ഹമാസ് തീവ്രവാദികൾ ഇസ്രായേലിന്റെ ഹൃദയ ഭാഗത്തേക്ക് നുഴഞ്ഞുകയറിയിരിക്കുന്നു എന്ന് അറിയിപ്പ് ഉള്ളതിനാൽ, പലരും വീടിന് പുറത്തിറങ്ങാറില്ല. വലിയ സൂപ്പർ മാർക്കറ്റുകളും, മറ്റു സ്ഥാപങ്ങളും അടഞ്ഞു കിടക്കുന്നു. അത്യാവശ്യം ചെറിയ ഷോപ്പുകൾ വൈകുന്നേരം ആറുമണി വരെ മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഭയം കാരണം വീടിനുള്ളിലെ മാലിന്യം കളയാൻ പോകുമ്പോൾ വരെ കൂട്ടുകാരെ ഫോൺ വിളിച്ചു അറിയിച്ചിട്ടാണ് പോകുന്നത്. ഈ പ്രതികൂല സാഹചര്യത്തിലും നാട്ടിൽനിന്ന് സാമ്പത്തിക സഹായം ചോദിക്കുമ്പോൾ ജീവൻ പണയം വച്ചും സിറ്റികളിൽ പോയി നാട്ടിലേക്ക് പണം അയക്കുന്നവരും ഉണ്ട്.

## പരസ്പരം കൈപിടിച്ച്...

സുരക്ഷിതമായ ബങ്കറിലേക്ക് പോകാനുള്ള ആദ്യ സൈറൺ മുഴങ്ങിയപ്പോൾ എനിക്ക് പോകാൻ സാധിച്ചില്ല, കാരണം ഞാൻ ശുശ്രൂഷിക്കുന്ന വൃദ്ധ സ്ത്രീയേയും എടുത്ത് ഒറ്റക്ക് പോകാൻ സാധിക്കാത്തതിനാൽ താമസിക്കുന്ന ഒന്നാം നിലയിൽ തന്നെ ധൈര്യം കൈവിടാതെ അവരെ ചേർത്ത് പിടിച്ചു 15 മിനിറ്റോളം ചിലവഴിച്ച സംഭവത്തെ ഓർക്കുമ്പോൾ ഇപ്പോഴും പേടിയാണ്. ആഷ്കലോണിൽ എന്റെ കൂട്ടുകാരിയുടെ അനുഭവം വിവരിക്കട്ടെ, ഹമാസ് റോക്കറ്റാക്രമണം നടത്തിയ അഷ്കലോണിൽ നിന്ന് പരിക്ക് പറ്റിയ കൂട്ടുകാരിയെ രക്ഷിച്ചു കൊണ്ടു വരുമ്പോൾ ഒരു ഇസ്രായേൽ പട്ടാളക്കാരൻ തന്റെ ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് ഊരി ആ സ്ത്രീക്ക് നൽകി ധരിക്കുവാൻ പറഞ്ഞു. താങ്കളുടെ സുരക്ഷക്ക് ഇത് വേണ്ടേ എന്ന ചോ ദ്യത്തിന് ആ പട്ടാളക്കാരൻ അവരോടു പറഞ്ഞു 'നിങ്ങൾ ഞങ്ങളുടെ അതിഥികളാണ്, നിങ്ങളുടെ സുരക്ഷ കഴിഞ്ഞേ ഉള്ളു ഞങ്ങൾക്ക് ജീവിതം' റോക്കറ്റാക്രമണത്തിൽ കൈയ്ക്കും കാലിനും വയറിനും പരിക്കേറ്റ പയ്യാവൂർ പൈസക്കിരിയിലെ ഷീജയുടെ ശസ്ത്രക്രിയ കഴിഞ്ഞു, ആരോഗ്യം മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്, ആക്രമണത്തിൽ നിന്നും രക്ഷപെട്ട പലരും ഇപ്പോഴും യുദ്ധത്തിന്റെ ആഘാതത്തിൽനിന്നും മുക്തരായിട്ടില്ല.

## ഓപ്പറേഷൻ അജയ് ; നാട്ടിലേക്ക്...

തിരികെ നാട്ടിലേക്ക് വരാൻ കേന്ദ്രം ഇടപെടുന്ന സാഹചര്യം ഉണ്ട് എങ്കിലും പലർക്കും ജീവിത പ്രാരാബ്ധം കാരണം നാട്ടിലേക്ക് വരാൻ താല്പര്യമില്ല.

പരിഷ്കൃതമായി ചിന്തിക്കുന്ന ഇരുപതാം നൂറ്റാണ്ടിലെ ജനതക്കറിയാം യുദ്ധം വിജയികളെ അല്ല സമ്മാനിക്കുന്നത്, നഷ്ടപെടലിന്റെയും നശിക്കലിന്റെയും തകർച്ചയുടെയും ക്രൂര ചിത്രങ്ങളാണ്. ചോരകൊണ്ടും ആയുധം കൊണ്ടുമല്ല മനുഷ്യൻ പുതുലോകം സൃഷ്ടിക്കേണ്ടത്. ചരിത്രത്തിലെ യുദ്ധങ്ങൾ നൽകുന്ന പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ ചോരക്കളി ഇവിടെ നിർത്താം.

*കൂടുതൽ വീഡിയോയും ഫോട്ടോകളും കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

---

എടൂർ-പാലത്തിൻകടവ് റോഡ്:

# പൂർത്തിയാകാതെ...



*ആനപ്പന്തിക്കവലയിലെ പണിപൂർത്തിയാകാത്ത വെയിറ്റിംഗ് ഷെഡ്*

***സിഗ്നൽ ബോർഡും സീബ്രാ ലൈനും എവിടെ...***
***കാത്തിരിപ്പു കേന്ദ്രം പണിക്കാർക്കായി കാത്തിരിക്കുമോ...***
***വളയങ്ങളിൽ ഒതുങ്ങാത്ത അശാസ്ത്രീയ വളവുകൾ...***
***നടപ്പാതയിലൂടെ കൈവരി പിടിച്ച് എന്ന് നടക്കാൻ സാധിക്കും...***

?

പ്രിൻസ് ജോസഫ്

എടൂർ-പാലത്തിൻകടവ് റോഡിന്റെ നവീകരണ പ്രവർത്തികൾ നിലച്ച നിലയിൽ. 2018 ലെ പ്രളയാനന്തരം സംസ്ഥാന സർക്കാരിന്റെ 'റീ ബിൽഡ് കേരള' പദ്ധതിയിൽ ഉൾപ്പെടുത്തി ഇരുപത്തിനാലര കിലോമീറ്റർ റോഡ് നവീകരിക്കാൻ 135 കോടി രൂപ അനുവദിച്ചിരുന്നു. കണക്കുകൾ പ്രകാരം ഒരു കിലോമീറ്റർ റോഡ് നിർമിക്കാൻ ഏകദേശം അഞ്ചര കോടി രൂപക്ക് മുകളിൽ നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ വെയ്റ്റിംഗ് ഷെഡ്, നടപ്പാത, സ്ട്രീറ്റ് ലൈറ്റ്, കൈവരികൾ, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, പൊളിച്ച നിർമിതികൾ പണിതുകൊടുക്കുക, എന്നീ വാഗ്ദാനങ്ങൾ പൂർത്തിയാക്കാതെ നിർമ്മാണം ഉപേക്ഷിച്ച നിലയിലാണിപ്പോൾ.

ഡോബോസ്കോ കോളേജ് മുതൽ സേക്രഡ് ഹാർട്ട് ചർച്ച് വരെ റോഡിന് 12 മീറ്റർ വീതിയും ബാക്കി സ്ഥലങ്ങളിൽ 10 മീറ്റർ വീതിയും, മൂന്ന് മീറ്ററിൽ ഓവുചാലുകൾ നിർമ്മിക്കാനുമായിരുന്നു തീരുമാനം. എന്നാൽ അശാസ്ത്രീയമായി നിർമ്മിച്ചതും നിർമ്മാണം പൂർത്തിയാവാത്തതുമാണ് കൂടുതൽ. മഴപെയ്താൽ റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ, ഓവുചാലിന്റെ വശങ്ങളിൽ ദ്വാരമിടാൻ പലസ്ഥലത്തും ആളുകൾ കമ്പിപ്പാരയുമായി നിൽക്കുന്നത് പതിവു കാഴ്ചയാണ്. വളവുകളുടെ അശാസ്ത്രീയമായ നിർമാണവും സൂചനാ ബോർഡുകൾ ഇല്ലാത്തതും അപകടങ്ങൾ പതിവാക്കുന്നു.

കോളേജ്, സ്കൂളുകൾ, മറ്റു പ്രധാന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അങ്ങാടികടവ് റോഡരുകിൽ കൂട്ടിയിട്ടിരിക്കുന്ന ചെങ്കല്ലുകൾ, പഴയ ഇലക്ട്രിക്ക് പോസ്റ്റുകൾ, എം സാൻഡ്, കോൺക്രീറ്റ് സ്ലാബുകൾ, കമ്പികൾ മുതലായവ വിദ്യാർത്ഥികൾക്കും, കാൽനടയാത്രക്കാർക്കും ഒരുപോലെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. റോഡിനു വീതികൂട്ടുന്നതിന്റെ ഭാഗമായി പൊളിച്ച മതിലുകൾ ഇനിയും പണിതുകൊടുക്കാൻ ബാക്കിനിൽക്കുന്നു.

*അങ്ങാടികടവ് ടൗണിന്റെ ഹൃദയഭാഗത്തെ ട്രാൻസ്ഫോർമറും റോഡിനോട് ചേർന്ന വലിയ ഗർത്തവും യാത്രക്കാർക്കും കച്ചവടക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. കാത്തിരുപ്പുകേന്ദ്രങ്ങളുടെ പണികളും പാതിവഴിയിൽ ഉപേക്ഷിച്ചതിനാൽ യാത്രക്കാർ വെയിലിലും മഴയിലും കാത്തിരുപ്പുകേന്ദ്രങ്ങളുടെ പുറത്തു നിൽക്കേണ്ട അവസ്ഥയാണ്.*

*ബേബി നടയത്ത്.*
*പ്രദേശവാസി*

*'ഡോൺ ബോസ്കോ കോളേജിന്റെ പൊളിച്ച മതിൽ കോളേജ് അധികൃതർ സ്വന്തമായി പണിതീർക്കുകയാണെങ്കിൽ ചിലവാകുന്ന തുക 1.16 ലക്ഷം നൽകുമെന്ന് പറഞ്ഞെങ്കിലും പണി കഴിഞ്ഞ് രണ്ടു വർഷമായെങ്കിലും തുക ലഭിച്ചില്ല.'*

*ഫാ. ഫിഡൽ തച്ചിൽ.*
*കോളേജ് അഡ്മിനിസ്ട്രേറ്റർ*

# എഡിറ്റോറിയൽ

## സമഗ്രവളർച്ചക്ക് ഉതകുമാറാകണം

*ഒരു നൂറ്റാണ്ടിൽ ഒരു ജനക്കൂട്ടത്തിന് ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതൽ, ആത്മാർത്ഥതയുള്ള, ഊർജ്ജസ്വലരായ ഏതാനും പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരു വർഷം കൊണ്ട് ചെയ്യാൻ കഴിയും.*

*- സ്വാമി വിവേകാനന്ദൻ.*

അപാരമായ കഴിവുകൾക്കുടമകളാണ് യുവ തലമുറ. അവരെ വേണ്ട രീതിയിൽ രൂപപ്പെടുത്തിയാൽ സാമൂഹിക - സാമ്പത്തിക മാറ്റത്തിന്റെ ഒരു പ്രധാന ശക്തിയായി പ്രവർത്തിപ്പിക്കാൻ കഴിയും. അതിനായി യുവജനതയുടെ വ്യക്തിത്വവും പ്രവർത്തന ശേഷിയും വർധിപ്പിക്കുന്നതിനും സാമ്പത്തികവും ഉൽപ്പാദന ക്ഷമവും സാമൂഹിക പ്രതിബദ്ധതയുള്ളവരുമാക്കി തീർക്കാൻ വർധിച്ചുവരുന്ന അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

1985 ൽ കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംയോജിപ്പിച്ച ഒരു സ്വയംഭരണ സംവിധാനമാണ് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്. ഈ ബോർഡിനു കീഴിൽ യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക, അവരിൽ സാഹോദര്യവും സഹകരണബോധവും വളർത്തുക എന്നീ ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെ ആരംഭിച്ച പരിപാടിയാണ് കേരളോത്സവം. കേരളീയ യുവതയുടെ ഏറ്റവും വലിയ കലാ-കായിക-സാംസ്കാരിക സംഗമവേദി എന്ന നിലയിൽ കേരളോത്സവം ജനശ്രദ്ധ നേടിക്കഴിഞ്ഞു. സംസ്ഥാന തലത്തിൽ വിജയികളായവരെ ദേശീയ യുവോത്സവത്തിലെ മത്സര ഇനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും ദേശീയ തലത്തിൽ മികച്ച വിജയം കൈവരിക്കുന്നതിനും കഴിഞ്ഞ വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കേവലം വർഷാ വർഷം കലാ-കായിക- സാംസ്കാരിക മേഖലകളിൽ മത്സരിപ്പിക്കുന്നത് മാത്രമാകാതെ അവ വഴി യുവജനങ്ങളെ സംഘടിപ്പിക്കാനും അവരുടെ അഭിരുചികൾക്കനുസരിച്ച് കാതലായ പരിശീലനം നൽകുവാനും സാധിക്കണം. എങ്കിൽ മാത്രമേ യുവജനങ്ങളുടേയും സമൂഹത്തിന്റേയും സമഗ്രമായ ഉയർച്ചക്ക് കേരളോത്സവം പോലുള്ള പരിപാടികൾ ഉപകാരപ്പെടുകയുള്ളു.

- എഡിറ്റർ

# ഒരുമയോടെ 'തിരികെ സ്കൂളിലേക്ക്...'

**ജോമോൾ ജോർജ്ജ്**

അങ്ങാടിക്കടവ് : അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് സി.ഡി.എസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ അയൽക്കൂട്ട ശാക്തീകരണ ക്യാമ്പയിൻ 'തിരികെ സ്കൂളിലേക്ക്' - പ്രവേശനോത്സവം മുണ്ടയാംപറമ്പ് ദേവസ്വം സ്കൂളിൽ വച്ചു 2023-ഒക്ടോബർ 1 ന് നടന്നു. പേരാവൂർ നിയോജകമണ്ഡലം എം.എൽ.എ അഡ്വക്കറ്റ് സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ അംഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി സംസ്ഥാന കുടുംബശ്രീ മിഷൻ ആരംഭിച്ച പരിപാടിയാണ് 'തിരികെ സ്കൂളിലേക്ക്' .കുടുംബശ്രീ സംഘടനാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, അംഗങ്ങൾക്ക് മാനസീക ഉല്ലാസം നൽകുക, ഡിജിറ്റൽ മീഡിയ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക തുടങ്ങിയവയാണ് ഈ പരിപാടി ലക്ഷ്യം വയ്ക്കുന്നത്. മുണ്ടയാംപറമ്പ് ദേവസ്വം സ്കൂളിൽ വച്ചു നടത്തപ്പെട്ട ഈ പരിപാടിയിൽ 14 കുടുംബശ്രീകളിൽ നിന്നായി 200 -ൽ അധികം അംഗങ്ങൾ പങ്കെടുത്തു. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ അധ്യക്ഷത വഹിച്ചു. വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ സീമ സനോജ്, സി.ഡി.എസ് ചെയർപേഴ്സൺ മിനി സതീശൻ എന്നിവർ സംസാരിച്ചു.



*തിരികെ സ്കൂളിലേക്ക് പരിപാടിയിൽ നിന്ന്*

# അറിയിപ്പുകൾ...

## അയ്യൻകുന്ന് പി എച്ച് സി

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയും അവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് ഒരു മണി വരെയും ഒ.പി പ്രവർത്തിക്കുന്നു. എല്ലാ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും ഉണ്ടായിരിക്കുന്നതാണ്. എല്ലാ ശനിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ കൗമാരപ്രായക്കാർക്കായി പ്രത്യേക ക്ലാസുകളും നടത്തുന്നു.

## പാരിതോഷികം നൽകും

മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തെളിവുഫോട്ടോ സഹിതം പഞ്ചായത്തിൽ ബന്ധപ്പെടുന്നവർക്ക് 2500 രൂപ പഞ്ചായത്ത് പാരിതോഷികം നൽകുന്നതാണ്.

## ആയുഷ് ആയുർവേദ ഹോസ്പിറ്റൽ

എല്ലാ ചൊവ്വാഴ്ചകളിലും ജീവിതശൈലി രോഗങ്ങൾക്കായുള്ള പ്രത്യേക ഒ. പി യും ഞായർ ഒഴികെ മറ്റുദിവസങ്ങളിൽ സാധാരണ ഒ.പി-യും രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ നടത്തപ്പെടുന്നു.

## അക്ഷയകേന്ദ്രം

നിലവിലുള്ള റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാനായി 10.10.2023 മുതൽ 20.10.2023 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് - 9447289911, 9447289922 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# അപകടം മറഞ്ഞിരിക്കുന്ന വാണിയപ്പാറ പുല്ലുംമ്പാറതട്ട് റോഡ്

**ജോമോൾ ജോർജ്ജ്**

വാണിയപ്പാറ: ഇൻഫന്റ് ജീസസ് പള്ളിക്ക് സമീപത്തുകൂടി കടന്നുപോകുന്ന വള്ളിത്തോട്-ചരൾ-പുല്ലുംമ്പാറത്തട്ട് പി.ഡബ്ല്യു.ഡി റോഡിൽ അപകടസാധ്യത വർധിച്ചുവരുന്നതിനാൽ റോഡിന്റെ യഥാർത്ഥസ്ഥിതി മനസിലാക്കി ഉചിതമായ സ്ഥലത്ത് കോൺവെക്സ് മിറർ സ്ഥാപിക്കണം എന്ന ആവശ്യവുമായി സമീപവാസികൾ.

ദിവസേന രണ്ടു കാറികളിൽ നിന്നും നിരവധി ലോറികൾ കടന്നുപോകുന്ന വഴിയിൽ കൊടുംവളവുകൾ അപകടസാധ്യത വർദ്ധിപ്പിക്കുന്നു. പുതുക്കിയ റോഡിൽ പള്ളി ഭാഗത്ത് കൊടുംവളവായതിനാൽ ഇരുഭാഗത്തേക്കും വരുന്ന വാഹനങ്ങൾക്ക് പരസ്പരം കാണാൻ സാധിക്കാത്ത അവസ്ഥയാണ് ഉള്ളത്. ഇത് അപകട സാധ്യത വർദ്ധിപ്പിക്കുന്നു. സ്കൂൾ വിദ്യാർത്ഥികളടക്കം നിരവധി കാൽനടയാത്രക്കാർ സഞ്ചരിക്കുന്ന വഴിയിൽ അപകടങ്ങൾ നിത്യസംഭവമാകുന്നതിനു മുൻപ് ആവശ്യമായ സ്ഥലങ്ങളിൽ കോൺവെക്സ് മിററുകൾ സ്ഥാപിച്ച് അപകട സാധ്യത കുറയ്ക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# പി എച്ച് സി യിൽ പ്രതിവാര ആരോഗ്യമേള

**അപർണ രമേശ്**

ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററിന്റെ കീഴിൽ പ്രതിവാര ആരോഗ്യമേള പൊതുജനങ്ങൾക്കായി ഒരുക്കി അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം. മേളയുടെ ഉദ്ഘാടനം ഒക്ടോബർ 1 ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. ഒരോ ആഴ്ച്ചയിലും വിവിധ പ്രായപരിധിയിലുള്ള ആളുകളെ ഉൾപ്പെടുത്തിയാണ് മേള സംഘടിപ്പിക്കുന്നത്. ഒ.പി സേവനങ്ങൾ, സൗജന്യ പരിശോധനയും മരുന്ന് വിതരണവും ടെലി കൺസൽട്ടേഷൻ, ജീവിത ശൈലീരോഗനിർണ്ണയം, യോഗ/വെൽനെസ്സ് സെന്ററുകൾ, എ. ബി. എച്ച്. എ ഐ.ഡി കാർഡുകൾ എന്നിവ മേളയുടെ സവിശേഷതയാണ്. മേളയിൽ പങ്കെടുക്കുന്ന എല്ലാ പൊതുജനങ്ങൾക്കും എ. ബി. എച്ച്. എ ഹെൽത്ത് കാർഡുകൾ ലഭിക്കുന്നതായിരിക്കും.



'ഒരു വ്യക്തിയുടെ മുഴുവൻ രോഗവിവരങ്ങൾ അറിയുവാനും ഭാവി ചികിത്സക്കായും എ. ബി. എച്ച്. എ ഹെൽത്ത് കാർഡ് ഉപയോഗിക്കാവുന്നതുമാണ്. ആധാർ നമ്പർ മൊബൈൽ നമ്പറുമായി ലിങ്ക് ചെയ്തിട്ടുള്ള ആളുകൾക്ക് https: // abha.abdm.gov.in/register എന്ന ലിങ്കുപയോഗിച്ച് എ. ബി. എച്ച്. എ കാർഡുകൾ സ്വയം ഡൗൺലോഡ് ചെയ്യാവുന്നതാണ് '. മെഡിക്കൽ ഓഫീസർ ഡോ. നൈന പോൾ പറഞ്ഞു.

# വെറ്റിനറി ഉപകേന്ദ്രം: മോക്ഷത്തിന് കാലതാമസം



*വെറ്റിനറി കേന്ദ്രത്തിന്റെ ഭിത്തിതകർന്ന് ഉപയോഗ ശൂന്യമായ മുറി*

**തീരുമാനങ്ങൾ കാറ്റിൽ പറത്തി അധികൃതർ, കാറ്റിലും മഴയിലും ആടിയുലഞ്ഞ് വെറ്റിനറി ഉപകേന്ദ്രം.**

**പ്രിൻസ് ജോസഫ്**

ആനപ്പന്തി വെറ്റിനറി ഉപകേന്ദ്രം കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിൽ. ആനപ്പന്തി നിർമ്മല സ്പോർട്സ് ക്ലബ് കെട്ടിടം വെറ്റിനറി ഉപകേന്ദ്രമാക്കി മാറ്റാൻ 2021 ഡിസംബറിൽ ക്ലബ് അംഗങ്ങളും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും, അയ്യൻകുന്ന് പഞ്ചായത്ത് അധികൃതരുടെ നേതൃത്വത്തിലെടുത്ത തീരുമാനം എങ്ങുമെത്തിയില്ല. വെറ്റിനറി ഉപകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കം കാരണം ഉപയോഗ ശൂന്യമായതിനാൽ അത്യാവശ്യമായ അറ്റകുറ്റപണികൾ നടത്തി ക്ലബിൽ വെറ്റിനറി ഉപകേന്ദ്രം പ്രവർത്തനമാരംഭിക്കുകയും ക്ലബിന്റെ പ്രവർത്തനങ്ങൾക്കായി ഒരു മുറി അനുവദിക്കുകയും ചെയ്യും, എന്നായിരുന്നു തീരുമാനം. എന്നാൽ അറ്റകുറ്റപ്പണികൾ മുഴുവൻ പൂർത്തിയാകാത്തതിനാൽ കെട്ടിടത്തിലെ ഒരു മുറി മാത്രമാണ് ഓഫീസിനും ചികിത്സക്കുമായി ഉപയോഗിക്കുന്നത്. മഴക്കാലത്ത് ചോർന്നൊലിക്കുന്ന കെട്ടിടത്തിന്റെ പിറകിലെ ഭിത്തി തകർന്ന് ഒരു റൂം പൂർണമായും നശിച്ചതിനാൽ മരുന്നുകളും ഉപകരണങ്ങളും സൂക്ഷിക്കാൻപോലും സ്ഥലമില്ലാത്ത അവസ്ഥയിലാണ് ഉപകേന്ദ്രത്തിന്റെ പ്രവർത്തനം.

"അപേക്ഷ വെച്ചിട്ടും പ്രത്യേകിച്ച് ഒരു സഹായവും ലഭ്യമല്ലാത്തതിനാൽ സ്വന്തം കയ്യിൽ നിന്ന് പൈസ മുടക്കിയാണ് പെയിന്റ് അടിച്ചു സീലിംഗ് വർക്കുകൾ നടത്തിയത്. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉചിതമായ തീരുമാനം ഉണ്ടായില്ലെങ്കിൽ സർക്കാരിന്റെ പുതിയ നിയമമനുസരിച്ച് ഉപകേന്ദ്രം ആനപ്പന്തിയിൽ നിന്ന് മാറ്റാൻ സാധ്യതയുണ്ട്". വെറ്റിനറി ലൈവ് സ്റ്റോക്ക് ഓഫീസർ ബി. മുകേഷ് പറഞ്ഞു.

"വെറ്റിനറി ഉപകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനായുള്ള ഫണ്ടിന് അപേക്ഷ വച്ചിരുന്നു. എന്നാൽ അപേക്ഷയിലെ തലവാചകം മാറിപോയതിനാലാണ് ഫണ്ട് തള്ളിപോയത്. ആനപ്പന്തി വാർഡ് മെമ്പർ ലിസി തോമസ് പറഞ്ഞു.

# ഉത്സവമായി കേരളോത്സവം 2023

**അപർണ രമേശ്**

അങ്ങാടികടവ്: അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ കേരളോത്സവം 2023 സമാപിച്ചു. സമാപന സമ്മേളനം അയ്യൻകുന്ന് സേക്രഡ് ഹാർട്ട് സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് തലം മുതൽ സംസ്ഥാന തലം വരെ സംഘടിപ്പിക്കുന്ന കലാകായിക പരിപാടി കേരളോത്സവം. യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുക, അവരിൽ സാഹോദര്യവും സഹകരണബോധവും വളർത്തുക, ഒരു പൊതുവേദിയിൽ ഒരുമിച്ച് കൂടുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കേരളോത്സവം വർഷം തോറും സംഘടിപ്പിക്കുന്നത്.

# വിമുക്ത ഭടനെ ആദരിച്ചു

**അപർണ രമേശ്**

അയ്യൻകുന്ന്: വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഇരിട്ടി ഐ. സി. ഡി. എസ് ന്റെ കീഴിൽ അയ്യൻകുന്ന് പഞ്ചായത്തിൽ നടത്തിയ പോഷൺ മാഹ് 2023 സമാപന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ വിമുക്ത ഭടനും ചടങ്ങിലെ വിശിഷ്ട അതിഥിയുമായ കെ. സി. ചാക്കോയെ പൊന്നാട അണിയിച്ച് ആദരിച്ചു.

അംഗൻവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ട് കമ്മിറ്റി പ്രസിഡന്റ് വിൽസൺ കുരീക്കൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് സിസ്റ്റർ മിനി, ആശാ വർക്കർ ലൂസി ജോസി എന്നിവർ സംസാരിച്ചു.

ചോയ്സ് ട്രേഡേഴ്സ്
മലഞ്ചരക്ക് വ്യാപാരം
വാണിയപ്പാറ
Ph:0490 2426174
Mob:9495124871

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: ജോമോൾ ജോർജ്ജ് |സബ് എഡിറ്റേഴ്സ്: അപർണ രമേശ്, പ്രിൻസ് ജോസഫ്, | ഫോട്ടോഗ്രാഫേഴ്സ്: പ്രിൻസ് ജോസഫ്, ജോമോൾ ജോർജ്ജ്, അപർണ രമേശ്, | ഡിസൈൻ: പ്രിൻസ് ജോസഫ്, അപർണ രമേശ്.|